കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക

191(2393) ശ്രീ. ഇ ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി രംഗത്തെ സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ നിലവിൽ കുടിശ്ശിക തുക നൽകാനുണ്ടോ;

(ബി) എങ്കിൽ എത്ര കാലത്തെ തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) കുടിശ്ശിക തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹാന്റ്ക്സ്, ഹാൻവീവ് സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് റിബേറ്റ് കുടിശ്ശികയായി താഴെ പറയുംപ്രകാരം 15,42,87,942 രൂപ നൽകുവാനുണ്ട്.

(തുക രൂപയിൽ)

	2012-13	2013-14	2014-15	ആകെ
ഹാന്റ്ക്സ്	പൂർണ്ണമായും അനുവദിച്ചു നൽകി	94,75,697	3,09,89,464	4,04,65,161
ഹാൻവീവ്	പൂർണ്ണമായും അനുവദിച്ചു നൽകി	43,47,362	അപേക്ഷ ലഭിച്ചിട്ടില്ല	43,47,362
പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ	4,76,40,136	4,44,35,283	1,74,00,000	10,94,75,419
ആകെ	4,76,40,136	5,82,58,342	4,83,89,464	15,42,87,942

2011-12 സാമ്പത്തിക വർഷംവരെയുള്ള റിബേറ്റ് തുക പൂർണ്ണമായും നൽകിയിട്ടുണ്ട്. 2012-13 മുതലുള്ള കാലയളവിലെ റിബേറ്റ് തുകകൾ അനുവദിക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) 2015-16 സാമ്പത്തിക വർഷം 4.84 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. എന്നാൽ റിബേറ്റിനത്തിൽ നൽകുവാനുള്ള കുടിശ്ശിക തുക മുഴുവനും നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ഈ വർഷം 10.16 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് മുഖാന്തിരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് റിബേറ്റ് വിതരണം ചെയ്യുന്നതാണ്.

കൈത്തറി മേഖലയുടെ നവീകരണം

192(2394) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) 1985-ലെ കൈത്തറി റിസർവേഷൻ ആന്റ് പ്രൊട്ടക്ഷൻ നിയമവും ദേശീയ കൈത്തറി വികസന കോർപ്പറേഷൻവഴി നൽകുന്ന സഹായങ്ങളും പ്രസ്തുത മേഖലയിലെ വികസനത്തിന് സഹായകമാകുന്നുണ്ടോ ; വിശദമാക്കുമോ ?

(സി) കൈത്തറി തൊഴിലാളികളുടെ ആവശ്യങ്ങളെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ നവീകരണത്തിന് നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. 1985-ലെ റിവൈസ്ഡ് ആർട്ടിക്കിൾസ് പ്രൊഡക്ഷൻ ആക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 11 ഇനം തുണിത്തരങ്ങൾ ഹാന്റ്ലൂം മേഖലയിൽ മാത്രമെ ഉൽപ്പാദിപ്പിക്കാവൂ. ഈ ഉൽപ്പന്നങ്ങൾ പവർലൂമിൽ ഉൽപ്പാദിപ്പിച്ചാൽ ഈ യൂണിറ്റിനെതിരെ നടപടി എടുക്കാൻ വ്യവസ്ഥയുണ്ട്. ഈ ആക്ട് പ്രകാരം പവർലൂം ഉൽപ്പന്നങ്ങൾ കൈത്തറി മേഖലയിൽ വിപണി ചൂഷണം ചെയ്യുന്നതിൽ നിന്നും സംരക്ഷണം ലഭിക്കുന്നു. ദേശീയ കൈത്തറി വികസന കോർപ്പറേഷൻ (എൻ.എച്ച്.ഡി.സി.) കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് ആവശ്യമായ എല്ലാവിധ അസംസ്കൃത വസ്തുക്കളും കുറഞ്ഞവിലയ്ക്കും സമയത്തിനും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. വിവിധ സംസ്ഥാനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിലെ വൈവിധ്യവും നൂതന ഡിസൈനുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും അവയുടെ ഉൽപ്പാദന വിദ്യയും നെയ്ത്തുകാർക്ക് പരിചയപ്പെടുത്തുന്നതിന് അവസരം ഒരുക്കുന്നുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly